©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
### അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 23rd August 2011<br>2011 ആഗസ്റ്റ് 23<br>1st Bhadra 1933<br>1933 ഭാദ്രം 1 | No.<br>നമ്പർ | 1622 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 107/2011/LBR. *Dated, Thiruvananthapuram, 9th August, 2011.*

**S. R. O. No. 528/2011**.—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 10690/E1/2007/LBR dated 13th December, 2010 in the Kerala Gazette Extraordinary No. 2828 dated 14th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board

33/3185/2011/DTP.

constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the 'Chartered Accountant Offices' in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

**1. Basic Wages**

| *Sl. No.* | *Category/Work* | *Monthly Basic Wages* |
|---|---|---|
| 1 | Office Manager, Administrative Manager, Audit Manager | ₹ 7000 |
| 2 | Senior Accountant, Senior Audit Staff, Computer Operator | ₹ 4890 |
| 3 | Junior Accountant, Junior Audit Staff, Office Assistant | ₹ 4450 |
| 4 | Driver | ₹ 4070 |
| 5 | Attendar, Peon, Watchman | ₹ 3990 |
| 6 | Sweeper, Cleaner | ₹ 3900 |

**2. Dearness Allowance**

In addition to the basic rate of wages, the employees shall be eligible for Dearness Allowance at the rate of ₹ 23.40 (Rupees Twenty three and Fourty paise) for every increase of one point above 130 points (New Series 1998-99=100) of the Consumer Price Index Numbers published by the Department of Economics and Statistics for concerned District Headquarters.

For Idukki and Wayanad District Headquarters, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

**3. Service Weightage**

The employees who have completed not less than five years of continuous service in any establishment or under any employer, as on the date of coming into force of this notification, shall be paid service weightage, at the rate of five per cent of the basic wages shown in the schedule for every completed year of service, adding to their basic wages, which shall not exceed fifteen percentage in total.

**4. Protection for Higher Wages**

In case the employees in any post/category are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

5. In the case of any post/category which is not included in the schedule above shall be eligible for the basic wages prescribed for equivalent post/category.

By order of the Governor,

ANIL, X.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 10690/E1/2007/LBR dated 13th December, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the 'Chartered Accountant Offices' in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 107/2011/തൊഴിൽ. *തിരുവനന്തപുരം, 2011, ആഗസ്റ്റ് 9.*

**എസ്. ആർ. ഒ. നമ്പർ 528/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2010 ഡിസംബർ 14-ാം തീയതിയിലെ 2828-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 13-ാം തീയതിയിലെ 10690/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിന് ശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ ''ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഫീസുകളിലെ തൊഴിൽ'' മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### 1. അടിസ്ഥാന വേതന നിരക്ക്

| *ക്രമ നമ്പർ* | *വിഭാഗം/തസ്തിക* | *പ്രതിമാസ അടിസ്ഥാന വേതനം* |
|---|---|---|
| 1 | ഓഫീസ് മാനേജർ, അഡ്മിനിസ്ട്രേറ്റീവ് മാനേജർ, ഓഡിറ്റ് മാനേജർ | ₹ 7000 |
| 2 | സീനിയർ അക്കൗണ്ടന്റ്, സീനിയർ ഓഡിറ്റ് സ്റ്റാഫ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ | ₹ 4890 |
| 3 | ജൂനിയർ അക്കൗണ്ടന്റ്, ജൂനിയർ ഓഡിറ്റ് സ്റ്റാഫ്, ഓഫീസ് അസിസ്റ്റന്റ് | ₹ 4450 |
| 4 | ഡ്രൈവർ | ₹ 4070 |
| 5 | അറ്റന്റർ, പ്യൂൺ, വാച്ച്മാൻ | ₹ 3990 |
| 6 | സ്വീപ്പർ, ക്ലീനർ | ₹ 3900 |

**2. ക്ഷാമബത്ത**

(1) അടിസ്ഥാന വേതനത്തിനുപുറമേ ജീവനക്കാർക്ക് സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനുംവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ (1998-99=100) 130 പോയിന്റിനു മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 23 രൂപ 40 പൈസ (ഇരുപത്തിമൂന്ന് രൂപ നാൽപ്പത് പൈസ) നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹതയുണ്ട്.

(2) ഇടുക്കി, വയനാട് ജില്ലകൾക്കുവേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**3. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ അഞ്ച് വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ അഞ്ചു വർഷത്തെ സേവന കാലയളവിനും പട്ടികയിൽ കാണിച്ച അടിസ്ഥാന വേതനത്തിന്റെ അഞ്ച് ശതമാനമെന്ന നിരക്കിൽ, പരമാവധി പതിനഞ്ച് ശതമാനമെന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തോടു കൂടി നൽകേണ്ടതാണ്.

**4. ഉയർന്ന വേതനത്തിന് സംരക്ഷണം**

ഏതെങ്കിലും തസ്തിക/വിഭാഗത്തിന് ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിച്ചു വരുന്നുണ്ടെങ്കിൽ അവർക്ക് അത്തരം ഉയർന്ന നിരക്കിലുള്ള വേതനത്തിന് അർഹതയുണ്ട്.

**5.** മുകളിൽ കാണിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും തസ്തിക/വിഭാഗത്തിന് സമാനപദവിയിലുള്ള തസ്തിക/വിഭാഗത്തിന് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിന് അർഹതയുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

33/3165/11

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഫീസുകളിലെ തൊഴിൽ" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2010 ഡിസംബർ 13-ാം തീയതിയിലെ 10690/ഇ1/2007/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.